LIBRARY ARCHIVES Kerala Legislative Assembly

(സി) സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാരിലെ സാംസ്കാരികകാര്യ വകുപ്പ് വളരെ ഗൗരവത്തോടെ പരിഗണിച്ച് വരികയാണ്. ഇതനുസരിച്ച് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലേത് ഉൾപ്പെടെയുള്ള ശിപാർശകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയവ മുഖേന നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-7-2021-ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതുപ്രകാരം ഈ കാര്യത്തിൽ സർക്കാർ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ജൽജീവൻ മിഷൻ

18(*46) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ഓടെ ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ വീടുകളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്ത ത്തോടെയുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) 2021-22-ൽ എത്ര കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജൽജീവൻ മിഷൻ പദ്ധതിയിൽ ഏതുതരത്തിലുള്ള ജലസ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്; ഇതിനായി ജലബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ജൽജീവൻ മിഷൻ പദ്ധതിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള നടപടികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024- ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. ഗ്രാമീണ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് എസ്.സി./എസ്.ടി. കുടുംബങ്ങൾക്കും മലയോര/തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. എല്ലാ കുടംബങ്ങൾക്കും കൃത്യമായ അളവിൽ കൃത്യമായ ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

(ബി) 2021-22-ൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ 2937564 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജൽജീവൻ പദ്ധതിയുടെ നിർവ്വഹണ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സ്വയം അവലോകനം ചെയ്യാൻ സാധിക്കുന്നതാണ്. 2021-22 നിർവ്വഹണ വർഷത്തിൽ 16-7-2021 വരെ 201938 കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്.

(സി) ജൽജീവൻ പദ്ധതിക്കായി സംസ്ഥാനത്ത് സുസ്ഥിരമായ ഉപരിതല ജലസ്രോതസ്സുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ സുസ്ഥിര ഉപരിതല ജലസ്രോതസ്സുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഭൂജല സ്രോതസ്സുകളെയും ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നുണ്ട്. ഇതിനായി സംസ്ഥാന തലത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഓരോ പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും പദ്ധതിയുടെ ജല സ്രോതസ്സിന്റെ ലഭ്യതയും സുസ്ഥിരതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് 'സോഴ്സ് ഫൈന്റിംഗ് കമ്മിറ്റികൾ' ജില്ലാതലത്തിൽ നിലവിലുണ്ട്.

(ഡി) ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സമാന സ്വഭാവമുള്ള നിലവിലുള്ള പ്രവൃത്തികളുമായുള്ള സംയോജനത്തിലൂടെയാണ് ഇത് ഉറപ്പാക്കാൻ ലക്ഷ്യമിടുന്നത്. ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് സ്രോതസ്സുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന പ്രവർത്തനങ്ങളും ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജല ഗുണനിലവാര പരിശോധന ലാബുകളുൾപ്പെടെയുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.